9946
22/07/17

Office of the Chief Engineer
20/7/17
LSGD, Thiruvananthapuram

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നിർമ്മാണ പ്രവൃത്തികളുടെ നിർവഹണം - ഇ-ടെണ്ടർ നടപ്പാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ. 137/2017/ത.സ്വ.ഭ.വ. — തീയതി, തിരുവനന്തപുരം 14.07.2017.

പരാമർശം :- (1) ജി.ഒ.(എം.എസ്.) നമ്പർ 232/2013/എൽ.എസ്.ജി.ഡി. തീയതി 25.06.2013.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.05.2017 നടപടിക്കുറിപ്പ്.

## ഉത്തരവ്

| |
|---|
| CE |
| DCE |
| AO |
| AA |
| JS |

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.05.2017 ലെ 2.16 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

I. 50,000/- രൂപയിൽ താഴെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കുകയോ ടെണ്ടർ / ഇ-ടെണ്ടർ രീതി അവലംബിക്കുകയോ ചെയ്യാം.

II. 50,000/- രൂപ മുതൽ 5 ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടപ്പാക്കാവുന്നതാണ്.

III. 5 ലക്ഷമോ അതിൽ കൂടുതലോ രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് നിർബന്ധമായും ഇ-ടെണ്ടർ മുഖേനമാത്രമായിരിക്കണം.

IV. തുകയുടെ പരിധി നോക്കാതെ, ആവശ്യമെങ്കിൽ, സ്കൂൾ കെട്ടിടങ്ങൾക്ക് പി.റ്റി.എ, ആശുപത്രി നിർമ്മാണങ്ങൾക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, അങ്കണവാടികെട്ടിടങ്ങൾക്ക് അങ്കണവാടി വെൽഫയർ കമ്മിറ്റി തുടങ്ങിയ ഏജൻസി മുഖേന നടപ്പാക്കാവുന്നതാണ്.

DCE 1

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
റൂറൽ ഡവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
നിയമ വകുപ്പ്
വിവരസാങ്കേതിക വകുപ്പ്
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരള.
വിവരപൊതുജന സമ്പർക്ക വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.